കോ–ഓർഡിനേഷൻ കമ്മിറ്റി

**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 7/2023 27.03.2023

## ദിലീപ് മുഖർജി ഭവൻ മുതൽ സുകുമാരി ചേച്ചിയുടെ വീടു വരെ

സഖാക്കളെ,

നമ്മുടെ കാണക്കാരി ശാഖയിലെ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി സുകുമാരിക്ക് കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയനും കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയനും നിർമ്മിച്ചു നൽകിയ വീടിന്റെ താക്കോൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പു മന്ത്രി സ. വി എൻ വാസവൻ കോട്ടയം കാളികാവിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ അവർക്ക് കൈമാറി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ, സ്വന്തമായി കിടപ്പാടമില്ലാത്ത ഗ്രാമീണ ബാങ്കിലെ സ്വീപ്പർ ആയി ജോലി ചെയ്യുന്നവർക്ക് വീട് നിർമ്മിച്ചു കൊടുക്കുക എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പണികഴിപ്പിച്ച അഞ്ചാമത്തെ വീടാണ് ശ്രീമതി സുകുമാരിക്ക് കൈമാറിയത്. സ്വന്തമായി കിടപ്പാടമില്ലാത്ത ആരും കേരള സംസ്ഥാനത്ത് ഉണ്ടായിക്കൂടാ എന്ന കേരള സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കപ്പെടുന്ന ലൈഫ് മിഷൻ പദ്ധതിയിൽ പ്രചോദിതരായാണ് കേവലം രണ്ടായിരത്തിൽപ്പരം അംഗങ്ങൾ മാത്രമുള്ള നമ്മുടെ സംഘടന ഈ മഹാദൗത്യം ഏറ്റെടുത്തത്. നാം പ്രഖ്യാപിച്ച അഞ്ചു വീടും ഗുണഭോക്താക്കൾക്ക് നൽകിക്കഴിഞ്ഞ




*തുല്യവേതനത്തിന്റെ ഭാഗമായി വന്ന ആദ്യമാസത്തെ ശമ്പളവർദ്ധനവ് യൂണിയന് നൽകാനാണ് സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയനിലെ അംഗങ്ങൾ തീരുമാനിച്ചത്*






ഈ അവസരം ഓരോ KGBEU OU അംഗത്തെ സംബന്ധിച്ചും ആഹ്ലാദകരമാണ്, അഭിമാനകരമാണ്.

യൂണിയന് സ്വന്തമായി ഒരു ഓഫീസ് എന്നത് ഓരോ അംഗത്തിന്റെയും ചിരകാല സ്വപ്നമായിരുന്നു. 1991 ൽ തുല്യ ജോലിക്ക് തുല്യവേതനം നടപ്പാക്കപ്പെട്ടപ്പോൾ ആ സ്വപ്നത്തിന് ചിറകുമുളച്ചു. തുല്യവേതനത്തിന്റെ ഭാഗമായി വന്ന ആദ്യമാസത്തെ ശമ്പളവർദ്ധനവ് യൂണിയന് നൽകാനാണ് സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയനിലെ അംഗങ്ങൾ തീരുമാനിച്ചത്. ഇങ്ങനെ പിരിച്ചെടുത്ത 4,22,791 രൂപ യൂണിയന് കെട്ടിടമുണ്ടാക്കുക എന്ന ആവശ്യത്തിന് മാത്രമേ ചെലവഴിക്കാവൂ എന്ന് സംഘടനയുടെ തൊട്ടടുത്ത ജനറൽ ബോഡി തീരുമാനവുമെടുത്തു. എന്നാൽ ആ തീരുമാനം പ്രവൃത്തി പഥത്തിലെത്തിക്കുന്നതിൽ പിന്നെയും വർഷങ്ങൾ ഒരു പാട് എടുത്തു. തൃശൂരിൽ ചേർന്ന KGBEU OU സമ്മേളനമാണ് സ. ദിലിപ് മുഖർജിയുടെ നാമത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ യൂണിയൻ ഓഫീസ് നിർമ്മിക്കണം എന്ന് തീരുമാനിക്കുന്നത്. അതോടൊപ്പം വീടില്ലാത്ത രണ്ട് സ്വീപ്പർമാർക്ക് വീട് നിർമ്മിച്ചു കൊടുക്കാനും തീരുമാനിച്ചു.

ബഹുമാന്യനായ കേരള മുഖ്യമന്ത്രി സ. പിണറായി വിജയനാണ് ദിലീപ് മുഖർജി ഭവന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്. രണ്ട് സ്വീപ്പർമാർക്ക് കൂടി അധികമായി വീട് നിർമ്മിച്ചു നൽകും എന്ന സംഘടനാ തീരുമാനം AIRRBEA പ്രസിഡണ്ട് സ. സി. രാജീവൻ ആ വേദിയിൽ പ്രഖ്യാപിച്ചു. കൂട്ടായി ശാഖയിൽ നമ്മോടൊപ്പം ജോലി ചെയ്തിരുന്ന ദിവസക്കൂലിക്കാരനായിരുന്ന ഷംസുദ്ദീൻ ശാഖക്കുള്ളിൽ കുഴഞ്ഞ് വീണ് മരിച്ച ദാരുണ സംഭവത്തെ തുടർന്ന് അദ്ദേഹത്തിന്റെ കുടുംബത്തിന് വീട് നിർമ്മിച്ചു നൽകുന്ന പ്രവർത്തനത്തിനും നാം മുന്നിട്ടിറങ്ങി.

| ഗുണഭോക്താവ് | സ്ഥലം | കൈമാറിയ തിയ്യതി | നിർമാണ കമ്മിറ്റി കൺവീനർ |
|---|---|---|---|
| ശ്യാമള | എടയന്നൂർ | 20.01.2022 | സി.പി.ഭാനുപ്രകാശ് |
| ഷീജ | കോട്ടക്കൽ | 27.02.2022 | കെ.ടി.ചന്ദ്രൻ |
| ഷംസുദ്ദീന്റെ കുടുംബം | കൂട്ടായി | 08.02.2023 | സി.അബ്ദുൾ റഷീദ് |
| പ്രേമ | മരുതോങ്കര | 12.03.2023 | പി.മിഥുൻ ലാൽ |
| സുകുമാരി | കാണക്കാരി | 21.04.2023 | എബിൻ എം ചെറിയാൻ |




കേരളീയ പൊതുമണ്ഡലത്തിലെ പ്രമുഖരാണ് ഓരോ വീടിന്റെയും താക്കോൽ ഗുണഭോക്താക്കൾക്ക് കൈമാറിയത്. എടയന്നൂരിൽ മുൻ ആരോഗ്യ മന്ത്രിയും സി.പി.ഐ (എം) കേന്ദ്ര കമ്മിറ്റി അംഗവുമായ സ. കെ കെ ശൈലജ ടീച്ചർ, കോട്ടക്കലിൽ സംസ്ഥാന കായിക വകുപ്പു മന്ത്രി ശ്രീ വി. അബ്ദുറഹിമാൻ, കൂട്ടായിയിൽ മുൻ മന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ സ. പാലോളി മുഹമ്മദ് കുട്ടി, മരുതോങ്കരയിൽ മുൻ മന്ത്രിയും സി.ഐ.ടി.യു സംസ്ഥാന വൈസ് പ്രസിഡണ്ടുമായ സ. ടി പി രാമകൃഷ്ണൻ എന്നിവരാണ് യഥാക്രമം താക്കോൽ കൈമാറ്റം നടത്തിയത്.

*എന്തുകൊണ്ട് ഞങ്ങൾക്ക് വീട് ഉണ്ടാക്കി തന്നില്ല എന്ന് ഇവരാരും നിങ്ങളോട് ചോദിക്കുമായിരുന്നില്ല, എന്നിട്ടും നിങ്ങളതു ചെയ്തു*

'എന്തുകൊണ്ട് ഞങ്ങൾക്ക് വീട് ഉണ്ടാക്കി തന്നില്ല എന്ന് ഇവരാരും നിങ്ങളോട് ചോദിക്കുമായിരുന്നില്ല, എന്നിട്ടും നിങ്ങളതു ചെയ്തു' സ. ശൈലജ ടീച്ചർ എടയന്നൂരിൽ പറഞ്ഞ വാക്കുകൾ മനസ്സിൽ പ്രതിധ്വനിക്കുകയാണ്. ഡോക്ടർമാർ വിലക്കിയിട്ടും അനാരോഗ്യം വകവെക്കാതെ തന്റെ 92-ാം വയസ്സിൽ കൂട്ടായി വീടിന്റെ താക്കോൽ കൈമാറ്റത്തിന് സ. പാലോളി മുഹമ്മദ് കുട്ടി എത്തിയത് എത്രത്തോളം ആവേശത്തോടെയാണ് നമ്മുടെ പ്രവർത്തനത്തെ പൊതുസമൂഹം കാണുന്നത് എന്നതിന്റെ നിദർശനമാണ്.




എങ്ങനെയാണ് കേരള സമൂഹം ഇന്നത്തെ നിലയിലേക്ക് വളർന്നത് എന്നും മണ്ണിലധ്വാനിക്കുന്നവന് ഭൂമിയുടെ അവകാശം നൽകാൻ കേരളം നടത്തിയ വിപ്ലവകരമായ നിയമ നിർമാണവും വിവരിക്കുന്നതായിരുന്നു സ. ടി.പി. രാമകൃഷ്ണൻ മരുതോങ്കരയിൽ നടത്തിയ പ്രസംഗം കുറേ ആളുകൾക്ക് ഭക്ഷണം ലഭിക്കാത്ത, കുറേ ആളുകൾക്ക് ജോലി ലഭിക്കാത്ത, കുറേ ആളുകൾക്ക് പാർപ്പിടം ലഭ്യമാവാത്ത സാമൂഹിക വ്യവസ്ഥിതി തകിടം മറിച്ച്

എല്ലാവരും സമൻമാരായ ഒരു ലോകം കെട്ടിപ്പടുക്കുക എന്ന വലിയ ലക്ഷ്യത്തിനായി പോരാടുമ്പോൾ തന്നെ, നിലവിൽ സമൂഹത്തിലെ അവശർക്കും അശരണർക്കും നിരാലംബരായവർക്കും നമ്മെ കൊണ്ട് കഴിയുന്ന സഹായം ചെയ്യുക എന്ന പ്രവർത്തനവും നാം ഏറ്റെടുത്തതിന്റെ തിളങ്ങുന്ന ദൃഷ്ടാന്തമായി അഞ്ചു വീടുകൾ നിൽക്കുകയാണ്. 60,83,400 (അറുപത് ലക്ഷത്തി എൺപത്തി മൂവായിരത്തി നാനൂറ്) രൂപ ചെലവഴിച്ചാണ് ഈ വീടുകളുടെ നിർമാണം നാം പൂർത്തീകരിച്ചത്. ഇതിനായി അകമഴിഞ്ഞ് സംഭാവന നൽകിയ മുഴുവൻ സുമനസ്സുകളെയും ഈ ശുഭ മുഹൂർത്തത്തിൽ നാം അഭിവാദ്യം ചെയ്യുന്നു. നമ്മുടെ ജീവിതത്തിലെ ധന്യമായ പ്രവർത്തനങ്ങളിൽ ഒന്നായി ഈ ഭവന നിർമാണങ്ങൾ മാറി എന്ന ചാരിതാർത്ഥ്യത്തോടെ, അന്യന്റെ ശബ്ദം സംഗീതം പോലെ ആസ്വദിക്കുന്ന ഒരു കാലം വരും എന്ന പ്രതീക്ഷയിൽ,

*ഇടതുപക്ഷമാവുക*
*എന്നാൽ മനുഷ്യത്വപരമായ ഒരു ജീവിത രീതി*
*തെരെഞ്ഞെടുക്കുക എന്നാണ് അർത്ഥം.*

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**പ്രശാന്ത് ജി**
ആക്ടിംഗ് ജനറൽ സെക്രട്ടറി
KGBOU, 99951 10026

